File No.LSGD-IB1/301/2019-LSGD

"ഭരണഭാഷ- മാതൃഭാഷ"

150 YEARS OF CELEBRATING THE MAHATMA

## കേരള സർക്കാർ

### സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - ILGMS സോഫ്റ്റ് വെയറിലെ ഇ-ഫയലിംഗ് സംവിധാനം വഴി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും ലഭ്യമാകുന്ന സേവനങ്ങൾക്കുള്ള അപേക്ഷകൾ അയയ്ക്കുന്നതിനും അപേക്ഷകളിൽ പതിക്കേണ്ട കോർട്ട് ഫീസ് സ്റ്റാമ്പിനു തുല്യമായ തുക ഇ-പെയ്മെന്റ് സംവിധാനം വഴി അടവാക്കുന്നതിനുമുള്ള അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശ സ്വയംഭരണ (ഐ.ബി.) വകുപ്പ്

G.O.(Rt)No.1003/2020/LSGD തീയതി,തിരുവനന്തപുരം, 28/05/2020

പരാമർശം:- 1 സ.ഉ.(സാധാ.)നം.886/2020/ത.സ്വ.ഭ.വ. തീയതി 14/05/2020.

2 ഇൻഫർമേഷൻ കേരള മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 21.11.2019-ലെ IKM/Imple-1660/2019 നമ്പർ കത്ത്.

### ഉത്തരവ്

ഇൻഫർമേഷൻ കേരള മിഷൻ വികസിപ്പിച്ച Integrated Local Governance Management System (ILGMS) സോഫ്റ്റ്‌വെയറിന്റെ പൈലറ്റ് ഇംപ്ലിമെന്റേഷൻ ചെമ്മരുതി ഗ്രാമപഞ്ചായത്തിൽ നടത്തുന്നതിനും സമാന്തരമായി എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും സോഫ്റ്റ്‌വെയർ വിന്യസിച്ചു തുടങ്ങുന്നതിനും പരാമർശം (1) പ്രകാരം അനുമതി നൽകിയിരുന്നു.

2. ILGMS സോഫ്റ്റ് വെയർ പൂർണ്ണമായും പ്രവർത്തനക്ഷമമാകുന്നതോടെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും ലഭ്യമാകുന്ന എല്ലാവിധ സേവനങ്ങൾക്കുമുള്ള അപേക്ഷകൾ ഇ-ഫയലിംഗ് സംവിധാനം മുഖേന അയയ്ക്കുവാൻ പൊതുജനങ്ങൾക്ക് കഴിയും. അതിനാൽ ഈ സോഫ്റ്റ്‌വെയറിൽ ലഭ്യമാകുന്ന ഇ-ഫയലിംഗ് സംവിധാനം വഴി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും ലഭ്യമാകുന്ന സേവനങ്ങൾക്കുള്ള അപേക്ഷകൾ അയയ്ക്കുന്നതിനുള്ള അനുമതിയും അപേക്ഷകളിൽ പതിക്കേണ്ട കോർട്ട് ഫീസ് സ്റ്റാമ്പിനു തുല്യമായ തുക ഇ-പെയ് മെന്റ് സംവിധാനം വഴി അടവാക്കുന്നതിനുള്ള അനുമതിയും നൽകി ഉത്തരവ് പുറപ്പെടുവിക്കണമെന്ന് ഇൻഫർമേഷൻ കേരള മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ പരാമർശം ( 2) പ്രകാരം അഭ്യർത്ഥിച്ചിട്ടുണ്ട്.

3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. സംസ്ഥാനത്തെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ILGMS സോഫ്റ്റ് വെയർ പ്രവർത്തനക്ഷമമാകുന്ന

മുറയ്ക്ക് ഈ സോഫ്റ്റ് വെയറിൽ ലഭ്യമാകുന്ന ഇ-ഫയലിംഗ് സംവിധാനം വഴി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും ലഭ്യമാകുന്ന സേവനങ്ങൾക്കുള്ള അപേക്ഷകൾ അയയ്ക്കുന്നതിനും അപേക്ഷകളിൽ പതിക്കേണ്ട കോർട്ട് ഫീസ് സ്റ്റാമ്പിനു തുല്യമായ തുക ഇ-പെയ്മെന്റ് സംവിധാനം വഴി അടവാക്കുന്നതിനുമുള്ള അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

4) ഇതിനനുസൃതമായി ബന്ധപ്പെട്ട നിയമങ്ങളിലും ചട്ടങ്ങളിലും ആവശ്യമായ ഭേദഗതികൾ വരുത്തുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

MINI MOL D
JOINT SECRETARY

പകർപ്പ്
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.
ഗ്രാമ വികസന കമ്മീഷണർ, തിരുവനന്തപുരം.
എല്ലാ ഗ്രാമപഞ്ചായത്തുകൾക്കും (പഞ്ചായത്ത് ഡയറക്ടർ മുഖേന)
എല്ലാ മുനിസിപ്പാലിറ്റികൾക്കും (നഗരകാര്യ ഡയറക്ടർ മുഖേന)
എല്ലാ മുനിസിപ്പൽ കോർപ്പറേഷനുകൾക്കും (നഗരകാര്യ ഡയറക്ടർ മുഖേന)
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ.& ഇ./ ഇ.&ആർ.എസ്.എ. / ജി.& എസ്.എസ്.എ.), കേരള, തിരുവനന്തപുരം.
ഇൻഫർമേഷൻ ആന്റ് പബ്ലിക് റിലേഷൻസ് (വെബ് & ന്യൂ മീഡിയ) വകുപ്പ്.
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ.